(ബി) സെറിഫെഡിന്റെ ജീവനക്കാർക്ക് കഴിഞ്ഞ കുറെ മാസക്കാലമായി ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) കേന്ദ്ര സിൽക് ബോർഡിന്റെ നിലപാടുമൂലം സെറിഫെഡിന്റെ പ്രവർത്തനം മന്ദഗതിയിലായിട്ടില്ല.

(ബി) ഉണ്ട്.

(സി) സെറിഫെഡിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് 3-6-2003-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 554/2003/വ്യവസായ പ്രകാരം 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ് എന്നിവ പുതുക്കുന്നതിനുള്ള മാനദണ്ഡം

25 (*175) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസുകൾ എന്നിവ കുറയ്ക്കുവാൻ തീരുമാനിച്ചിരുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പൊതുജനാഭിപ്രായം ആരായൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസുകൾ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിന് എന്തു മാനദണ്ഡമാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ-സി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സർച്ചാർജ്ജ് എന്നിവ കുറയ്ക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

26 (*176) ശ്രീ. സാജു പോൾ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ശുചിത്വകേരളം പദ്ധതി പ്രഖ്യാപിച്ചതിനുശേഷം എന്തെല്ലാം പരിപാടികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ ;

(ഡി) പൊതുജന പങ്കാളിത്തത്തോടെയും മറ്റ് സാമൂഹ്യ സംഘടനകളുടെ സഹായത്തോടെയും ശുചീകരണ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പരിസര ശുചീകരണവും ജലാശയങ്ങളുടെ സംരക്ഷണവും കാര്യക്ഷമമായി നടപ്പാക്കാത്തതു കാരണം സംസ്ഥാനത്ത് പല വിധ പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) കേരളം മാലിന്യമോചിതമാക്കുക എന്നതാണ് ക്ലീൻ കേരള പദ്ധതിയുടെ പ്രാധാന്യ ലക്ഷ്യം. ഖരമാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് പ്രധാനമായി ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി എല്ലാ നഗരസഭകളിലും തെരഞ്ഞെടുക്കപ്പെട്ട പ്രധാന പഞ്ചായത്തുവാർഡുകളിലും രാത്രികാല ശുചീകരണം ഏർപ്പെടുത്തി. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമായി സമയബന്ധിത ഖരമാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ നഗരസഭാപ്രദേശങ്ങളിലും ഈ പദ്ധതി നടപ്പാക്കിവരുന്നു. മഞ്ചേശ്വരം, മംഗൽപ്പാടി, കുമ്പള, മൊഗ്രാൽപ്പുത്തൂർ, ചെമ്മനാട്, പുല്ലൂർ പെരിയ, മടിക്കൈ, നീലേശ്വരം, ചെറുവത്തൂർ, പീലിക്കോട്, സുൽത്താൽ ബത്തേരി, കട്ടപ്പന, കൊട്ടാരക്കര, പന്തളം, വിഴിഞ്ഞം, മൂന്നാർ, കോഴഞ്ചേരി, ഏറ്റുമാനൂർ, തൃക്കാക്കര, ഫറോക്ക്, ചെറുവണ്ണൂർ-നല്ലളം, രാമനാട്ടുകര, എടക്കാട്, വളപട്ടണം എന്നീ പഞ്ചായത്തുകളിലെ പ്രധാന ടൗൺ ഉൾപ്പെടുന്ന പഞ്ചായത്ത് വാർഡുകളിൽ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുജന പങ്കാളിത്തത്തോടെയും കുടുംബശ്രീ ഉൾപ്പെടെയുള്ള മറ്റ് സാമൂഹ്യ സംഘടനകളുടെയും സഹായത്തോടെയും സഹകരണത്തോടെയും ക്ലീൻ കേരള പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

(ഇ) ഉണ്ട്. ഇതിന് പരിഹാരം കാണാൻ ശുചീകരണ പ്രവർത്തനങ്ങളും കൊതുകു നിവാരണ പ്രവർത്തനങ്ങളും നടത്തി പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly